# SSLC PRE MODEL EVALUATION 2023     MPM 101A

## അടിസ്ഥാനപാഠാവലി

PART A

Time:45 mts                                                                                    Total Score: 20

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം)**

1.'ഉണ്ടചോറിന് നന്ദികാണിക്കാത്തവൻ' എന്ന പഴഞ്ചൊല്ല് താഴെപറയുന്നവയിൽ ഏതു കഥാപാത്രത്തിനാണ് യോജിക്കുന്നത്....?

(മത്തായി,മാർക്കോസ്,മത്തായിയുടെ അമ്മ,ചാക്കുണ്ണി)

2.ശരിയായ പദച്ചേരുവ കണ്ടെത്തി എഴുതുക **തൽക്കാലോപാധി**

(a.തൽക്കാല,ഉപാധി,b.തൽക്കാലോ,ഉപാധി,c.താൽക്കാലോ,പാധി,d.തൽക്കാലം,ഉപാധി)

3.ബയണറ്റിനെക്കാൾ നെപ്പോളിയൻ പേടിക്കുന്നത്

(a.യുദ്ധങ്ങളെ b.ഓർമ്മകളെ c  പത്രങ്ങളെ   d.സാഹിത്യത്തിനെ)

**4 മുതൽ 6 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക (2 സ്കോർ വീതം)**

4.ചുറ്റുപാടും നിരവധി ആളുകളുണ്ടായിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു

റേഡിയോ പണയം വെച്ചപ്പോൾ ചാക്കുണ്ണിയിലുണ്ടായ മാറ്റം രണ്ട് സൂചനകളായി എഴുതുക

5.**അർഥ വ്യത്യാസം വരാതെ രണ്ട് വാക്യമാക്കി മാററി എഴുതുക**

'ഭാരതീയ വേദാന്തത്തിൻെറ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരു തരം സ്വാർത്ഥത തന്നെയാവുന്നു'

6.'ചത്ത കോഴി .ദഹിച്ച് പക്വാശയത്തിലെത്തിയ കോഴി. മത്തായി മാർഗേണ കൂവി-' "നോക്കിക്കോ  "

സന്ദർഭവുമായി ബന്ധപ്പെട്ട് രണ്ട് സൂചനകൾ എഴുതുക

**(7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4 സ്കോർവീതം)**

7.”പത്രമില്ലാത്ത ഭരണത്തെക്കാൾ ഞാൻ അഭിലഷിക്കുക ഭരണമില്ലാതെ പത്രമുള്ള അവസ്ഥയെയാണ്"

പത്രമാധ്യമങ്ങളെക്കുറിച്ചുള്ള ജഫേഴ്സൺെറ നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം യുക്തിപൂർവ്വം സമർത്ഥിക്കുക

8.'അയൽപക്കത്ത് അത്താഴപട്ടിണിക്കാർ പാർത്താൽ അതൊരു സ്വൈര്യക്കേടാണെന്ന് അവനറിയാം.'-

മത്തായിക്ക്  മാർക്കോസിനോടുള്ള സമീപനം ശരിയാണോ ? പ്രതികരണം രേഖപ്പെടുത്തുക

9.'മൂന്നു പതിറ്റാണ്ടായി നൂലുകോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾകൊണ്ട് അയാൾ ചുറ്റും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു.'   അടിവരയിട്ട പ്രയോഗത്തിൻെറ അർത്ഥതലങ്ങൾ വ്യക്തമാക്കുക.

**10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഒന്നിന് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ**

10. "ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാവുന്നു.കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണം വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക

11 സംഗതി വളരെ നിസ്സാരമായിരുന്നു-എന്ന വാചകത്തോടെയാണ് കോഴിയും കിഴവിയും എന്ന കഥ തുടങ്ങുന്നത്.എന്നാൽ തുടർന്നുള്ള കാര്യങ്ങൾ അത്ര നിസ്സാരമല്ല .പ്രസ്താവന വിലയിരുത്തി കോഴിയും കിഴവിയും എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക